## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **03.12.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 1500**

## കടലിലെ മത്സ്യ ലഭ്യത

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എസ്. ശബരീനാഥൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കടലിലെ മത്സ്യ ലഭ്യത കുറയുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയമായ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നു കയറ്റം, ജല മലിനീകരണം, കണ്ടൽ കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യ സമ്പത്തിന് കുറവ് സംഭവിക്കുന്നു. ഇവയിൽ ചിലത് മനുഷ്യ കാരണങ്ങളും മറ്റ് ചിലത് പ്രകൃത്യായുള്ളവയുമാണ്. |
| (ബി) | വളർച്ചയെത്തും മുമ്പ് ചെറുമീനുകളെ പിടികൂടുന്നത് മത്സ്യ ലഭ്യത കുറയുന്നതിനുള്ള പ്രധാന കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ഇത് സംബന്ധിച്ച് വിപുലമായ ബോധവൽക്കരണം നൽകുന്നതിനും ഇത്തരം മീനുകളെ പിടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി എടുത്തിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 58 മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി കണ്ണി വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് ആക്കണമെന്ന് കെ.എം.എഫ്.ആർ.എ യിൽ നിഷ്കർഷിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ.എയിൽ വരുത്തിയ ഭേദഗതിക്ക ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗണ്ട് ചെയ്തു കനത്തപ്പിഴ ഈടാക്കുകയും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവല്ക്കരണം നടത്തുകയും ചെറു മത്സ്യങ്ങളെയും മത്സ്യകുഞ്ഞുങ്ങളെയും പിടിക്കുന്നത് വഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ